പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3484 21.12.2012-ൽ മറുപടിക്ക്.

ലോക ബാങ്ക് മുഖേന തദ്ദേശ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി. ദിവാകരൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ലോക ബാങ്ക് മുഖേന തദ്ദേശസ്ഥാപനങ്ങൾക്കു വേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; | (എ) അധികാര വികേന്ദ്രീകരണ പ്രക്രിയ വ്യവസ്ഥാപിതമാക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ലോകബാങ്ക് സഹായത്തോടെ രൂപീകരിച്ച പദ്ധതിയാണ് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്. സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും നൽകുന്ന പെർഫോമൻസ് ഗ്രാന്റ്, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ കാര്യശേഷി വികസനം, മോണിറ്ററിംഗ് സംവിധാനം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിലുൾപ്പെടുന്നു. |
| (ബി) ഈയിനത്തിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചു ; ഇതിലൂടെ ഉണ്ടായ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) പെർഫോമൻസ് ഗ്രാന്റ് ഇനത്തിൽ മുൻസിപ്പാലിറ്റികൾ 18 കോടി രൂപയും, ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച 122 കോടി രൂപയിൽ 94.68 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടമാനേജ്മെന്റും കാര്യശേഷി വികസനത്തിനുമായി 2011-12 സാമ്പത്തിക വർഷത്തിൽ 112.41 ലക്ഷം രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ 295.51 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. പെർഫോമൻസ് ഗ്രാന്റ് ഇനത്തിൽ 2011-12 വാർഷിക പദ്ധതിയുടെ ഭാഗമായി മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും മെയിന്റനൻസിനുമുള്ള 7412 ഓളം പ്രോജക്ടുകൾ |

ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ കില, എസ്.ഐ.ആർ.ഡി, ഡീസെൻട്രലൈസേഷൻ അനാലിസിസ് സെൽ (GIFT), ഇൻഫർമേഷൻ കേരള മിഷൻ എന്നീ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധനവിന് വിനിയോഗിച്ചു.

സെക്ഷൻ ഓഫീസർ